പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 400 — 27.02.2017 ൽ മറുപടിയ്ക്ക്

ഭക്ഷ്യധാന്യക്ഷാമവും വിലക്കയറ്റവും നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോ എബ്രഹാം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യ ക്ഷാമവും വിലക്കയറ്റവും നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ ; | (എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ പദ്ധതി നിലവിലുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങളാണ് വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്നത്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ വിവിധ ഉൽപ്പന്നങ്ങൾ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. വില വർദ്ധനവ് തടയുന്നതിനായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും, സബ്സിഡി ഇനത്തിലും നോൺ സബ്സിഡി ഇനത്തിലുമായി എല്ലാത്തരം അരിയിനങ്ങളും വിതരണം ചെയ്യുന്നുമുണ്ട്. അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയതുമൂലം കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, ഊഹക്കച്ചവടം എന്നിവ മൂലമുള്ള കൃത്രിമ ക്ഷാമം, |

കൃത്രിമ വിലക്കയറ്റത്തിനുള്ള സാധ്യത എന്നിവ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റത്തിന്റെ യഥാർത്ഥ കാരണങ്ങൾ മനസ്സിലാക്കി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്താനായി സിവിൽ സപ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ മൊത്ത വ്യാപാരികളുടെയും വ്യാപാര പ്രതിനിധികളുടെയും യോഗങ്ങൾ 2016 ജൂൺ, ഓഗസ്റ്റ് മാസങ്ങളിലായി ചേർന്നു.

അരിയുടെ പൂഴ്ത്തിവെയ്പ്പ്, കരിഞ്ചന്ത, വിലക്കയറ്റം എന്നിവ തടയുന്നതിന് ജില്ലാതലത്തിൽ വ്യാപാരികളുടെ യോഗങ്ങൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്നതിന് ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ ധാന്യങ്ങളുടെ വില ശരാശരിയിൽ കൂടിയതായി കാണുന്ന കേന്ദ്രങ്ങളിൽ വകുപ്പിലെ ഉദ്യോഗസ്ഥരും, പോലീസ്, ലീഗൽ മെട്രോളജി വകുപ്പുകളിലെ ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധന നടത്തുകയും കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ആവശ്യങ്ങൾക്കും വിപണി ഇടപെടലിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയത് ഏതു തരത്തിലാണ് വിനിയോഗിക്കുന്നതെന്നും അറിയിക്കാമോ ? | (ബി) | 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അവശ്യ സാധനങ്ങൾ വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വിൽപ്പന നടത്തുന്നതു മൂലം സപ്ലൈകോയ്ക്ക് ഉണ്ടാകുന്ന നഷ്ടം നികത്താനാണ് ഈ തുക ഉപയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ